(എ) കാർഷിക യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ പ്രവർത്തനത്തിന് ആകെ എന്തു തുക ചെലവായി;

(ബി) ഇതിൽ ജസ്റ്റീസ് ഭാസ്കരൻ നമ്പ്യാരുടെ ശമ്പളം, ടി.എ. ഓണറേറിയം തുടങ്ങിയ ഇനങ്ങളിൽ ചെലവായ തുക എത്രയാണ്;

(സി) കമ്മിഷന്റെ ഫൈനൽ റിപ്പോർട്ട് ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്. ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

124 (2688) സാമ്പത്തികസഹായം വിനിയോഗിക്കാതിരുന്ന നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് നൽകിയ സാമ്പത്തികസഹായം കേരള കാർഷിക സർവ്വകലാശാല ഏതെങ്കിലും കാലയളവിൽ പൂർണ്ണമായും വിനിയോഗിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് ഏത് കാലയളവിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര കോടി രൂപ ചെലവഴിക്കാത്തതായി കണക്കാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തുക ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഒരു ഗവേഷണ പദ്ധതിയുടെ കാര്യത്തിൽ പൂർണ്ണമായും വിനിയോഗിക്കാതിരുന്നിട്ടുണ്ട്.

(ബി) 1996-97 മുതലുള്ള കാലയളവിൽ

(സി) 6.74 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടില്ല.

(ഡി) ഡോ. രഞ്ജൻ എസ്. കരിപ്പായിയുടെ നേതൃത്വത്തിൽ ട്രെയിനിംഗ് ആന്റ് എക്സ്റ്റൻഷൻ പ്രോജക്ട് ഫോർ ഇന്റഗ്രേറ്റഡ് ഹോംസ്റ്റഡ് ഡെവലപ്മെന്റ് എന്ന പദ്ധതി നടപ്പിലാക്കാനായി 6.74 ലക്ഷം രൂപ അടങ്കൽത്തുക ഭാരതീയ കാർഷിക ഗവേഷണ സമിതി അനുവദിച്ചിരുന്നു. പദ്ധതി നടത്തിപ്പിന് നിയുക്തനായ ഡോ. രഞ്ജൻ എസ്. കരിപ്പായിയെ ഹോർട്ടികൾച്ചറൽ കോളേജിൽ നിന്നും 1996-97-ൽ മഞ്ചേശ്വരം കൃഷി വിജ്ഞാന കേന്ദ്രത്തിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവുണ്ടായി. അതോടൊപ്പംതന്നെ പദ്ധതിയും മഞ്ചേശ്വരം കൃഷി വിജ്ഞാനകേന്ദ്രത്തിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവുണ്ടായി. അതിനെതിരെ ഡോ. രഞ്ജൻ എസ്. കരിപ്പായി കേരള ഹൈക്കോടതിയെ സമീ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പിക്കുകയും കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തു. കോടതിയുടെ അന്തിമ തീരുമാനമായിട്ട് മാത്രം പദ്ധതി നടപ്പിലാക്കിയാൽ മതിയെന്ന് ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ 1998-99 വരെ കേസ്സിൽ അന്തിമ തീരുമാനമുണ്ടാകാതിരുന്നതുകൊണ്ടും പദ്ധതി അനുവദിച്ച തീയതി മുതൽ 6 മാസത്തിനുള്ളിൽ പദ്ധതി നടപ്പിലാക്കാതിരുന്നതുകൊണ്ടും ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രം ഈ പദ്ധതി പിൻവലിക്കുകയാണുണ്ടായത്. ഈ പദ്ധതി പുനഃപരിശോധിക്കണമെന്ന് ഭാരതീയ കാർഷിക ഗവേഷണ കേന്ദ്രത്തിനോട് ഡോ. രഞ്ജൻ എസ്. കരിപ്പായി ആവശ്യപ്പെട്ടിട്ടുണ്ട്.

125 (2689) കാർഷിക സർവ്വകലാശാലയിലെ നിയമനങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നുണ്ടോ;

(ബി) സർവ്വകലാശാലയിൽ കഴിഞ്ഞ പത്തുവർഷങ്ങളിൽ അദ്ധ്യാപകർ, ജീവനക്കാർ, തൊഴിലാളികൾ എന്നീ തസ്തികകളിൽ എത്ര പേരെ നിയമിച്ചു;

(സി) ഇവരിൽ എത്രപേർ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവർ ഉണ്ട്. പിന്നോക്ക വിഭാഗത്തിൽ നിന്ന് എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ഡി) കാർഷിക സർവ്വകലാശാലയിൽ ഇനി ഏതൊക്കെ തസ്തികകൾ നിയമനം നടത്താതെ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ തസ്തികകളിൽ അടിയന്തിര നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; ഇതിനായി എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) ഉണ്ട്. സംവരണം അനുവദിച്ചിട്ടുള്ള സമുദായങ്ങളിൽ നിർദ്ദിഷ്ട യോഗ്യതയുള്ള അപേക്ഷകർ ഇല്ലാതിരിക്കുന്ന സന്ദർഭങ്ങളിൽ മാത്രമേ ആ സ്ഥാനങ്ങളിൽ മുന്നോക്ക സമുദായക്കാരെ നിയമിക്കാറുള്ളു എന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്.

(ബി)&(സി) വിവരം അനുബന്ധം I † ആയി ചേർത്തിട്ടുണ്ട്.

(ഡി) വിവരം അനുബന്ധം II † ആയി ചേർത്തിട്ടുണ്ട്.

(ഇ) ഡീൻ(അഗ്രി, വെറ്ററിനറി, ഫിഷറീസ്) തസ്തികയിലേയ്ക്കും ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ തസ്തികയിലേയ്ക്കുമുള്ള നിയമനത്തിനുള്ള ഇന്റർവ്യൂ നടത്തിക്കഴിഞ്ഞു. അഗ്രി, വെറ്റി ഫാക്കൽറ്റികളിലെ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ നിയമനങ്ങൾ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടിലെ ചില വ്യവസ്ഥകൾ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി തസ്തികകളിൽ നിയമനം നടത്താൻ നിർവാഹമില്ല. സ്റ്റേ ഒഴിവാക്കി കിട്ടുവാനുള്ള നിയമനടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അസി. പ്രൊഫസർമാരുടെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly